(ബി) 2010-11 അദ്ധ്യയനവർഷത്തിൽ ബയോടെക്നോളജി & ബയോ കെമിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ 21 സീറ്റുകൾ ഒഴിഞ്ഞുകിടന്നിരുന്നു.

(സി) കെ.എസ്.ആർ.ടി.സി. ജീവനക്കാരുടെ മക്കൾക്കായി 10 ശതമാനം സീറ്റാണ് സംവരണം ചെയ്തിരിക്കുന്നത്. അപ്രകാരമുള്ള സംവരണ സീറ്റുകളിൽ അഡ്മിഷൻ നൽകുകയും ബയോടെക്നോളജി & ബയോ കെമിക്കൽ എഞ്ചിനീയറിംഗ് ബ്രാഞ്ചിൽ ഒഴിവുവന്ന ഒരു സീറ്റ് കെ.എസ്.ആർ.ടി.സി. റാങ്ക് ലിസ്റ്റിലുള്ള എല്ലാ വിദ്യാർത്ഥികളെയും ടെലിഫോണിൽ അറിയിച്ചിട്ടും ആവശ്യക്കാരില്ലാതിരുന്നതിനാൽ നികത്താനാകാതെ വരുകയും ആ സീറ്റ് നിലവിൽ ഒഴിഞ്ഞുകിടക്കുകയും ചെയ്തു.

**കെ.എസ്.ആർ.ടി.സി. ജീവനക്കാർക്കും പെൻഷൻകാർക്കും ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് നടപടി**

**177 (1905)** ശ്രീ. കെ. കെ. ഷാജു : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിലെ റിട്ടയർ ചെയ്ത ജീവനക്കാരുടെ പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്നത് സംബന്ധിച്ച് വിശദാംശം ലഭ്യമാക്കുമോ ;

(ബി) കെ.എസ്.ആർ.ടി.സി.യിലെ പെൻഷൻകാരുടെ പെൻഷൻ മാസാദ്യം നൽകുന്നതിന് എന്തൊക്കെ നടപടികൾ ഉണ്ടാകുമെന്ന് വ്യക്തമാക്കുമോ ;

(സി) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്കും പെൻഷൻകാർക്കും ആനുകൂല്യങ്ങൾ യഥാസമയം നൽകുന്നതിന് എന്തൊക്കെ നടപടികൾ സ്വീകരിക്കുമെന്ന് വ്യക്തമാക്കുമോ ;

(ഡി) കെ.എസ്.ആർ.ടി.സി. യിലെ പെൻഷൻകാരുടെ പെൻഷൻ നൽകുന്നതിന് ഓരോ മാസവും എത്ര രൂപ കടം എടുക്കേണ്ടിവരുന്നു എന്ന് വ്യക്തമാക്കുമോ ; എങ്കിൽ എവിടെനിന്നൊക്കെയാണ് കടം എടുക്കുന്നതെന്ന് വ്യക്തമാക്കുമോ ?

ഉത്തരം

(എ) പെൻഷൻ ബാദ്ധ്യത സർക്കാർ ഏറ്റെടുക്കുന്ന വിഷയം ഇപ്പോൾ പരിഗണനയിൽ വന്നിട്ടില്ല.

(ബി) കെ.എസ്.ആർ.ടി.സി.യിൽ വരുമാനവും ചെലവും തമ്മിൽ ഗണ്യമായ അന്തരമുള്ളതിനാൽ ശമ്പളം കൊടുക്കുന്നതിനും കെ.റ്റി.ഡി.എഫ്.സി.യിൽ നിന്ന് ലോൺ എടുക്കേണ്ട അവസ്ഥയാണ്. ശമ്പളം നൽകുന്നതിന് മാസത്തിന്റെ അവസാന ദിവസം കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും ലോൺ എടുക്കുന്നതിനാൽ പിറ്റേ മാസം ആദ്യവാരം തന്നെ പെൻഷൻ കൊടുക്കുന്നതിന് കെ.എസ്.ആർ.ടി.സി. യുടെ അക്കൗണ്ടിൽ വേണ്ടത്ര പണമുണ്ടാകുകയില്ല എന്നുമാത്രമല്ല കെ.റ്റി.എഫ്.സി.യിൽ നിന്നും മാസത്തിന്റെ ആദ്യവാരം വേണ്ടത്ര ലോൺ ലഭിക്കുകയില്ല. ഈ സാഹചര്യം നിലനിൽക്കെ സർക്കാർ

LIBRARY ARCHIVES Kerala Legislative Assembly

കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കെ.എസ്.ആർ.ടി.സി.ക്ക് പ്രവർത്തന മൂലധന ഇനത്തിൽ പ്രതിമാസം 35 കോടി രൂപ നിരക്കിൽ ലോൺ എടുക്കാൻ അനുമതി നൽകിയിരുന്നത് കെ.റ്റി.ഡി.എഫ്.സി. പ്രതിമാസം 20 കോടി രൂപയായി കുറച്ചു. ഇക്കാരണത്താൽ പ്രതിമാസം 35 കോടിയിൽപ്പരം രൂപ കമ്മിറ്റിയിൽ പ്രവർത്തിക്കുന്ന കെ.എസ്.ആർ.ടി.സി.ക്ക് പെൻഷൻ മാസാദ്യം തന്നെ നൽകുവാൻ കഴിയാത്ത അവസ്ഥയിലാണ്.

(സി) കെ.എസ്.ആർ.ടി.സി.യിലെ ജീവനക്കാർക്കും, സർക്കാർ ജീവനക്കാർക്കും, അദ്ധ്യാപകർക്കും അനുവദിച്ച ഡി.എ.യിൽ 33 ശതമാനം ഡി.എ. കുടിശ്ശികയുണ്ട്. ടി കുടിശ്ശികയിൽ 19% കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ഫെബ്രുവരി 2011 മാസത്തെ ശമ്പളത്തോടൊപ്പം നൽകുവാൻ തീരുമാനമായിട്ടുണ്ട്. കെ.എസ്.ആർ.ടി.സി. ജീവനക്കാർക്ക് ആനുകൂല്യങ്ങൾ നൽകുന്നത് ജീവനക്കാരും മാനേജ്മെന്റും തമ്മിലുള്ള ഉഭയകക്ഷി കരാറിന്റെ അടിസ്ഥാനത്തിലാണ്. 1997-നുശേഷം ഉഭയകക്ഷി കരാർ പുതുക്കുകയുണ്ടായില്ല. ടി കരാർ 2009-ൽ പുതുക്കി 1-3-2006 മുതൽ പ്രാബല്യം നൽകി 1-3-2009 മുതൽ സാമ്പത്തിക ആനുകൂല്യം നൽകുകയുണ്ടായി. പ്രസ്തുത കരാറിന്റെ കാലാവധി 28-2-2011-ൽ തീരുന്നതിനാൽ പുതിയ സേവന-വേതന കരാറിനെ സംബന്ധിച്ച് 16-2-2011-ൽ ചർച്ചകൾ ആരംഭിച്ചു കഴിഞ്ഞു.

പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് 4 മുതൽ 5 വർഷക്കാലം വരെ കാലതാമസം നേരിട്ടിരുന്നത് ചുരുങ്ങി ഏതാണ്ട് ഒരു വർഷം എന്നായിട്ടുണ്ട്. 31-3-2010-ൽ റിട്ടയർ ചെയ്തവരുടേതൊഴികെ എല്ലാവരുടേയും പെൻഷനാനുകൂല്യങ്ങൾ നൽകുവാൻ നടപടിയായിട്ടുണ്ട്.

പെൻഷൻകാരുടെ പെൻഷൻ ആനുകൂല്യങ്ങൾ നൽകുന്നതിന് ബഹു. ഹൈക്കോടതിയുടെ ഉത്തരവ് പ്രകാരം വരുമാനത്തിന്റെ പത്ത്ശതമാനം പ്രത്യേക ട്രഷറി അക്കൗണ്ടിലേക്ക് നീക്കിവയ്ക്കുന്നുണ്ട്. പെൻഷൻകാരുടെ ആനുകൂല്യങ്ങൾ ഈ ഫണ്ടിൽ നിന്ന് മുൻഗണനാക്രമത്തിൽ നൽകിവരുന്നുണ്ട്.

(ഡി) പ്രവർത്തന മൂലധന ചെലവിലേക്കും മറ്റുമായി പ്രതിമാസം 20 കോടി രൂപ കെ.റ്റി.ഡി.എഫ്.സി.യിൽ നിന്നും കടമെടുക്കുന്നുണ്ട്.

**കെ.എസ്.ആർ.ടി.സി.യിലെ കൺസൾട്ടന്റ് നിയമനം**

**178 (1906)** ശ്രീ. ബി. ബാബു പ്രസാദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഗതാഗത വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കെ.എസ്.ആർ.ടി.സി.യിൽ നിന്നും വിരമിച്ച എത്ര ജീവനക്കാരെ കൺസൾട്ടന്റ് തസ്തികയുണ്ടാക്കി കെ.എസ്.ആർ.ടി.സി.യിൽ നിയമിച്ചിട്ടുണ്ട് ;

(ബി) ഇവരെ എന്ത് മാനദണ്ഡം അടിസ്ഥാനമാക്കിയാണ് നിയമിച്ചത് എന്ന് വ്യക്തമാക്കുമോ ;

(സി) ഇവർ ചെയ്തുകൊണ്ടിരിക്കുന്ന ജോലി നേരത്തെ ആരാണ് നിർവ്വഹിച്ചുകൊണ്ടിരുന്നത് ?



LIBRARY ARCHIVES Kerala Legislative Assembly